**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ . 110      06-02-2020 -ൽ മറുപടിക്ക്

**ഉജ്ജീവന സഹായ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018-ലെ പ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കായി ഉജ്ജീവന സഹായ പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) | ഉണ്ട്. 17/12/2018-ലെ സ.ഉ(കൈ)നം.27/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കി വരികയാണ്.<br>പ്രളയത്തിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ക്ഷീര കർഷകർ, പൗൾട്ടി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ (Micro, Small and Medium Enterprises and Shops and Establishments), കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾ എന്നിവർ ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതാണ്.<br>ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. |
| ബി) | ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് പ്രസ്തുത പദ്ധതിയിലൂടെ സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | ഉജ്ജീവന സഹായ പദ്ധതി പ്രകാരം എടുക്കുന്ന ലോണുകളുടെ മാർജിൻ മണി ബാങ്കുകൾക്ക് സർക്കാർ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ? | സി) | ഉണ്ട്. Term loan & Working capital loan 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായി സർക്കാർ. ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.<br>Working capital loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താത്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ, ബാങ്കുകൾക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ